# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 20 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### മത സൗഹാർദത്തിന്റെ പ്രതീകമായി സന്നിധാനത്തെ വാവരുനട

ശബരിമല സന്നിധാനത്ത് പതിനെട്ടാം പടിക്ക് താഴെയുള്ള വാവരു നട മതസൗഹാർദത്തിന്റെ പ്രതീകം. അയ്യപ്പ സ്വാമിയുടെ ഉറ്റ ചങ്ങാതിയായ വാവരു സ്വാമിയുടെ നടയിലും ദർശനം നടത്തിയാണ് ഭക്തർ മലയിറങ്ങുന്നത്. മറ്റൊരു ആരാധനാലയത്തിലും കാണാനാകാത്ത കൂട്ടായ്മയാണ് വാവരുനട പ്രദാനം ചെയ്യുന്നത്. എരുമേലി ക്ഷേത്രത്തിലും വാവരുപള്ളിയിലും ദർശനം നടത്തിയ ശേഷമാണ് ശബരിമലയിലേയ്ക്ക് എത്തുക. ജാതിമത വർണ വ്യത്യാസമില്ലാതെ ആർക്കും ദർശനം നടത്താവുന്ന ശബരിമല നാനാത്വത്തിൽ ഏകത്വവും വിശ്വമാനവികതയും ഉയർത്തിപ്പിടിക്കുകയാണ്.

പത്തനംതിട്ട മല്ലപ്പള്ളി വായ്പ്പൂര് വെട്ടപ്ലാക്കൽ കുടുംബത്തിലെ തലമുതിർന്ന അംഗമാണ് വാവരുനടയിൽ മുഖ്യകാർമികനായി എത്തുന്നത്. വി.എസ്. അബ്ദുൽ റഷീദ് മുസലിയാരാണ് ഇപ്പോഴുള്ള മുഖ്യ കാർമികൻ. എട്ട് കുടുംബങ്ങളിലുള്ളവർ യോഗം കൂടി പ്രായവും പൂർണസമ്മതവും നോക്കിയ ശേഷമാണ് മുഖ്യകാർമികനെ തിരഞ്ഞെടുക്കുക. വാവരുടെ ഊര് എന്നത് ലോപിച്ചാണ് വായ്പ്പൂര് ആയതെന്നും ഐതീഹ്യമുണ്ട്. അയ്യപ്പ ദർശനത്തിനെത്തുന്നവർ വാവരു സ്വാമിയെയും കണ്ട് വണങ്ങി അനുഗ്രഹം വാങ്ങുന്നു. വി.എസ്. അബ്ദുൽ റഷീദ് മുസലിയാർ

പ്രായാധിക്യമുള്ളതിനാലും കോവിഡ് മാനദണ്ഡങ്ങൾ പ്രകാരവും ഇത്തവണ ശബരിമലയിൽ എത്തിയില്ല. പരികർമികളായ സിയാദ്, നജീബ്, റിയാസ്, നാസിം, ആഷർ, ഈസ എന്നിവർക്കാണ് ഇത്തവണ വാവരു നടയുടെ ചുമതല. വാവരുടെ ഉടവാൾ വാവരുനടയിൽ സൂക്ഷിച്ചിരിക്കുന്നതിന്റെ ഇടതുഭാഗത്താണ് കാർമികൻ ഇരുന്ന് പ്രസാദം നൽകുന്നത്. ഭസ്മം, ചരട് എന്നിവ ഇവിടെ നിന്നും ഭക്തർക്ക് നൽകുന്നു. കുരുമുളക്, സുഗന്ധദ്രവ്യങ്ങൾ, അരി എന്നിവ കാണിക്കയായി ഭക്തർ നൽകി വരുന്നു. അരി, ചുക്ക്, ജീരകം, ഏലയ്ക്ക എന്നിവ പൊടിച്ചുണ്ടാക്കിയതാണ് വാവരുനടയിലെ പ്രധാന പ്രസാദം. മധുരവും കയ്പ്പും എരിവും ചേർന്നതാണ് ഈ പ്രസാദം. ലോകത്തിനാകെ മാതൃകയാണ് തത്ത്വമസി സന്ദേശമരുളുന്ന ശബരിമലയും അതോടു ചേർന്നുള്ള വാവരുനടയും.

*(പി.ആർ. ശബരി-24)*

## തീർഥാടകർക്ക് വിവരങ്ങൾ യഥാസമയം കൈമാറാൻ ദേവസ്വം പബ്ലിക്ക് ഇൻഫർമേഷൻ കേന്ദ്രങ്ങൾ

ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകർക്ക് യഥാസമയം വിവരങ്ങൾ കൈമാറാൻ ദേവസ്വം ബോർഡിന്റെ പബ്ലിക്ക് ഇൻഫർമേഷൻ കേന്ദ്രങ്ങൾ സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. ഇവിടെ നിന്നും പ്രധാനമായും വിവിധ ഭാഷകളിൽ മൈക്ക് അനൗൺസ്മെന്റിലൂടെ ഭക്തർക്ക് വിവരങ്ങളും നിർദേശങ്ങളും നൽകി വരുന്നു.

കോവിഡ് പശ്ചാത്തലത്തിൽ ഇത്തവണ ആരോഗ്യ വകുപ്പ് നിർദേശിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ കൃത്യമായി ഭക്തരിൽ എത്തിക്കുകയാണ് ദേവസ്വം പബ്ലിക്ക് ഇൻഫർമേഷൻ കേന്ദ്രങ്ങളുടെ പ്രധാന ദൗത്യം. ശബരിമല ക്ഷേത്രത്തിലെ പൂജാ സമയങ്ങൾ, പോലീസ് സ്പെഷ്യൽ ഓഫീസർ നൽകുന്ന നിർദേശങ്ങൾ, ഡ്യൂട്ടി മജിസ്ട്രേറ്റ് നൽകുന്ന നിർദേശങ്ങൾ, എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുള്ള വിവരങ്ങൾ ഉൾപ്പെടെ ഭക്തർ അറിയേണ്ട കാര്യങ്ങൾ എല്ലാം യഥാസമയം ഉച്ചഭാഷിണിയിലൂടെ അറിയിക്കുന്നത് ഇവിടെ നിന്നാണ്. തീർഥാടകർ പാലിക്കേണ്ട കോവിഡ് പ്രോട്ടോക്കോൾ എന്തൊക്കെ, കോവിഡ് പരിശോധനാ കേന്ദ്രങ്ങൾ, കോവിഡ്സർട്ടിഫിക്കറ്റ്, ഭക്തർക്ക് അറിയേണ്ട ശബരിമലയുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ തുടങ്ങിയവയും കൈമാറുന്നു. മലയാളം, ഇംഗ്ലീഷ്, തമിഴ്, തെലുങ്ക്, കന്നട, ഹിന്ദി ഭാഷകളിലാണ് ഉച്ചഭാഷണിയിലൂടെ വിവരങ്ങൾ നൽകുന്നത്.

കോവിഡ് മുൻകരുതലിന്റെ ഭാഗമായി തീർഥാടകർക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് മുമ്പുള്ള തീർഥാടനകാലങ്ങളിൽ കൂട്ടം തെറ്റുന്ന ഭക്തരെ കണ്ടെത്തുന്നതിനും, കളഞ്ഞു പോയ സാധനങ്ങൾ കണ്ടെത്തുന്നതിനും, കളഞ്ഞുകിട്ടിയ സാധനങ്ങൾ ഉടമകളിൽ എത്തിക്കുന്നതിന് ഉൾപ്പെടെ വിവരങ്ങൾ വിവിധ ഭാഷകളിലായി ഉച്ചഭാഷണിയിലൂടെ നൽകുന്നതായിരുന്നു പബ്ലിക്ക് ഇൻഫർമേഷൻ കേന്ദ്രങ്ങളുടെ പ്രധാന ദൗത്യം. നിലവിൽ പുലർച്ചെ അഞ്ചു മുതൽ രാത്രി ഒൻപത് വരെ ഉച്ചഭാഷിണിയിലൂടെ അനൗൺസ്മെന്റ് നടത്തുന്നുണ്ട്. വർഷങ്ങളായി ശബരിമല സന്നിധാനത്തെ പബ്ലിക്ക് ഇൻഫർമേഷൻ സെന്ററിൽ അനൗൺമെന്റ് നടത്തുന്ന കർണാടക സ്വദേശി ശ്രീനിവാസ്

സ്വാമി ഈ വർഷവും സേവനത്തിലുണ്ട്. കോവിഡിന് ഫലപ്രദമായ ചികിൽസ കണ്ടെത്തി പഴയ നിലയിലേക്ക് എത്താൻ ശബരീശന്റെ അനുഗ്രഹം ഉണ്ടാകുമെന്ന് ഉറച്ചുവിശ്വസിക്കുന്നതായി ശ്രീനിവാസ് സ്വാമി പറഞ്ഞു.

സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ ദേവസ്വം ബോർഡിന്റെ പബ്ലിക്ക് ഇൻഫർമേഷൻ കേന്ദ്രങ്ങളുടെ നിയന്ത്രണവും ഏകോപനവും ദേവസ്വം ബോർഡ് പബ്ലിക്ക് റിലേഷൻ ഓഫീസർ സുനിൽ അരുമാനൂരാണ് നിർവഹിക്കുന്നത്. ഇതിനു പുറമേ ശബരിമലയുമായി ബന്ധപ്പെട്ട വിവരങ്ങൾ മാധ്യമങ്ങൾക്കും കൈമാറുന്നുണ്ട്. ശബരിമല കലിയുഗവരദ സന്നിധാനം എന്ന ഫെയിസ്ബുക്ക് പേജിലൂടെ ഭക്തർക്ക് വിവരങ്ങളും ചിത്രങ്ങളും കൈമാറുന്നതായും സുനിൽ അരുമാനൂർ പറഞ്ഞു.

*(പി.ആർ. ശബരി-25)*

## പുണ്യം പൂങ്കാവനം പദ്ധതിയിൽ അയ്യപ്പന് പൂജാ പുഷ്പങ്ങൾ ഒരുക്കും

ശബരിമല സന്നിധാനത്ത് അയ്യപ്പ സ്വാമിയുടെ പൂജയ്ക്ക് ആവശ്യമായ പുഷ്പങ്ങൾ ലഭിക്കുന്ന ചെടികൾ വളർത്തിയെടുക്കാൻ പുണ്യം പൂങ്കാവനം അംഗങ്ങൾ. ഇതിന്റെ ഭാഗമായി ശബരിമല പുണ്യം പൂങ്കാവനം കോ-ഓർഡിനേറ്റർ വി.അനിൽകുമാറിന്റെ നേതൃത്വത്തിൽ ഭസ്മക്കുളത്തിന് എതിർവശമുള്ള സ്ഥലത്ത് പൂ ചെടികൾ വച്ചുപിടിപ്പിക്കും. ഈ സ്ഥലം പുണ്യം പൂങ്കാവനം അംഗങ്ങൾ ചേർന്ന് ശുചീകരിച്ചു. ക്ഷേത്രത്തിനു സമീപമുള്ള സ്ഥലങ്ങൾ വൃത്തിയാക്കി ദേവസ്വം ബോർഡിന്റെ അനുമതിയോടെയാണ് പൂജാ പുഷ്പങ്ങൾ ലഭിക്കുന്ന ചെടികൾ വച്ചുപിടിപ്പിക്കുന്നത്.

ശബരിമല, പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലാണ് കഴിഞ്ഞ വർഷം വരെ പുണ്യം പൂങ്കാവനം പദ്ധതി നിലനിന്നിരുന്നത്. എന്നാൽ, ഇത്തവണ കേരളത്തിൽ ആയിരത്തോളം ക്ഷേത്രങ്ങളിലും, തമിഴ്നാട്, കർണാടക, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുത്ത ക്ഷേത്രങ്ങളിലും വൃശ്ചികം ഒന്നു മുതൽ പുണ്യം പൂങ്കാവനം പദ്ധതി ആരംഭിച്ചിട്ടുണ്ടെന്ന് പുണ്യം പൂങ്കാവനം സന്നിധാനം കോ-ഓർഡിനേറ്റർ വി.അനിൽകുമാർ പറഞ്ഞു. ഈ ക്ഷേത്രങ്ങളിലും, അമ്പലക്കുളങ്ങൾ ശുചിയാക്കലും, പൂച്ചെടികൾ വച്ചുപിടിപ്പിക്കലും നടപ്പാക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

2011-ൽ പി. വിജയൻ ശബരിമല സ്പെഷ്യൽ ഓഫീസറായിരിക്കെ ആരംഭിച്ചതാണ് പുണ്യം പൂങ്കാവനം പദ്ധതി. ശബരിമല പൂങ്കാവനത്തിൽ മനുഷ്യനും ജന്തുജാലങ്ങൾക്കും ഒരുപോലെ ഹാനികരമായ മാലിന്യ നിക്ഷേപം തടയുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പദ്ധതിയിലൂടെ മാലിന്യ സംസ്കരണം, പൂങ്കാവനം മാലിന്യ മുക്തമാക്കുന്നതിനുള്ള അവബോധം വളർത്തൽ എന്നിവയാണ് ലക്ഷ്യമിടുന്നത്. പത്തു വർഷം പിന്നിടുന്ന പദ്ധതി ശബരിമലയുടെ ശുചീകരണ പ്രക്രിയയിൽ നിർണായക പങ്കാണ് വഹിച്ചിട്ടുള്ളത്.

എക്സൈസ് ഇൻസ്പെക്ടർ പി.മനോജ്, അയ്യപ്പസേവാസംഘം വോളണ്ടിയർ

ഓഫീസർ പളനിക്കണ്ണ്, എക്സൈസ് ഓഫീസർമാരായ ബിജു മായാജി, അനിൽ കുമാർ, സജി മുരളി, അയ്യപ്പസേവാസംഘം പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

*(പി.ആർ. ശബരി-26)*

***ഫോട്ടോ അടിക്കുറിപ്പ്- വാവരുനട-***

ശബരിമല സന്നിധാനത്തെ വാവരു നട.

***ഫോട്ടോ അടിക്കുറിപ്പ്- പുണ്യം പൂങ്കാവനം-***

പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമായി സന്നിധാനത്ത് ഭസ്മക്കുളത്തിന്റെ പരിസര പ്രദേശം ശുചീകരിക്കുന്നു.

***ഫോട്ടോ അടിക്കുറിപ്പ്-അനൗൺസ്മെൻറ്***

തീർഥാടകർക്ക് യഥാസമയം വിവരങ്ങൾ കൈമാറുന്നതിനുള്ള ശബരിമല സന്നിധാനത്തെ ദേവസ്വം ബോർഡിന്റെ പബ്ലിക്ക് ഇൻഫർമേഷൻ കേന്ദ്രത്തിന്റെ അനൗൺസ്മെന്റ് വിഭാഗം.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

നവംബർ

**NOVEMBER 20 2020**



## ശബരിമല പത്രക്കുറിപ്പ്–2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


## വോളന്റിയർമാരുടെ പാനൽ തയാറാക്കുന്നു

കോവിഡ് മുക്തരായവരും രോഗമുക്തിക്കു ശേഷം ആരോഗ്യപ്രശ്നങ്ങൾ ഇല്ലാത്തവരുമായ 60 വയസിൽ താഴെ പ്രായമുള്ള പുരുഷ വോളന്റിയർമാരുടെ പാനൽ ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് തയാറാക്കുന്നു. വോളന്റിയർമാരെ ആവശ്യാനുസരണം ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഡ്യൂട്ടിക്കായി നിയോഗിക്കും. കോവിഡ് പശ്ചാത്തലത്തിൽ എടുക്കേണ്ട കരുതലുകൾ സംബന്ധിച്ച് വോളന്റിയർമാർ തീർഥാടകർക്ക് നിർദേശം നൽകണം. താൽപര്യമുള്ളവർ കോവിഡ് മുക്തരാണെന്ന രേഖയും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും സഹിതം ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം 3 എന്ന വിലാസത്തിൽ നവംബർ 30ന് അകം സമ്മതപത്രം ലഭിക്കത്തക്ക വിധം അപേക്ഷ അയയ്ക്കണം.

*(പി.ആർ. ശബരി–27)*

## ശബരിമലയിലെ നാളത്തെ (21.11.20) ചടങ്ങുകൾ...

5 മണിക്ക്.... നട തുറക്കൽ
5.05 ന്..... അഭിഷേകം

5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

*(പി.ആർ. ശബരി-28)*


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.